പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1649 | 08.06.2018 ൽ മറുപടിയ്ക്ക്

## കർഷക പെൻഷൻ പദ്ധതി

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ

മറുപടി
ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കർഷക പെൻഷൻ പദ്ധതിയിൽ ആകെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കർഷക പെൻഷൻ പദ്ധതിയിൽ 301530 കർഷകർ അംഗങ്ങളായിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ലയുടെ പേര് | കർഷക പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11598 |
| കൊല്ലം | 23294 |
| ആലപ്പുഴ | 22491 |
| പത്തനംതിട്ട | 15250 |
| എറണാകുളം | 21384 |
| ഇടുക്കി | 14135 |
| കോട്ടയം | 25330 |
| തൃശ്ശൂർ | 26599 |
| പാലക്കാട് | 26117 |
| മലപ്പുറം | 24689 |
| കോഴിക്കോട് | 34044 |
| വയനാട് | 11230 |
| കണ്ണൂർ | 30299 |
| കാസർഗോഡ് | 15070 |
| ആകെ | 301530 |

ബി) ഓരോ ജില്ലയിലും പ്രതിമാസ പെൻഷന് അർഹരായ എത്ര കർഷകരുണ്ടെന്നും പ്രതിമാസ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

ബി)

| ജില്ലയുടെ പേര് | അർഹരായ കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 9996 |
| കൊല്ലം | 22512 |
| ആലപ്പുഴ | 19380 |
| പത്തനംതിട്ട | 14786 |
| എറണാകുളം | 21384 |
| ഇടുക്കി | 12968 |
| കോട്ടയം | 22585 |
| തൃശ്ശൂർ | 26599 |
| പാലക്കാട് | 26117 |
| മലപ്പുറം | 24689 |
| കോഴിക്കോട് | 34044 |
| വയനാട് | 11230 |
| കണ്ണൂർ | 30299 |
| കാസർഗോഡ് | 15070 |
| ആകെ | 291659 |

പ്രതിമാസ പെൻഷൻ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിനും കർഷകരുടെ വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കർഷക ക്ഷേമം- ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്). 26/2012/കൃഷി തീയതി. തിരുവനന്തപുരം,13.2.2012.

===================================================================

**പരാമർശം:-** (1) 16.8.2011-ലെ ജി.ഒ(എം.എസ്) 197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
(2) 22.10.2011 - ലെ റ്റി.പി (2) 16377/11 നമ്പരിലുള്ള കൃഷി ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് കർഷകക്ഷേമബോർഡ് രൂപീകരിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം ഒന്ന്-ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.

2) 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്.

3)തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും

നിലവിലുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ജയകുമാർ**
**അഡീഷണൽ ചീഫ് സെക്രട്ടറി &**
**കാർഷികോത്പ്പാദന കമ്മീഷണർ**

**ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.**
**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**
**ധനകാര്യ വകുപ്പ് (യു.ഒ. നം. 89419/എ.ഡബ്ല്യു. ബി1/11/ധന. തിയതി, 28.12.2011)**
**ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്**
**ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )**

**(കരുതൽ ഫയൽ/ഓഫീസ് കോപ്പി).**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് — ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്)നമ്പർ.28 /17/കൃഷി തീയതി, തിരുവനന്തപുരം.03/03/2017

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) കൃഷി വകുപ്പ് ഡയറക്ടറുടെ 05/10/2016-ലെ റ്റി.എസ്(1) 10032/12 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി പ്രതിമാസം 300/- രൂപ നിരക്കിൽ 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2011ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിക്കുകയുമുണ്ടായി. പരാമർശം നാല് ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച 600/- രൂപയിൽനിന്നും പരാമർശം അഞ്ച് ഉത്തരവ് പ്രകാരം ടി പെൻഷൻ തുക 01/06/2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവായിരുന്നു.

2. കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം ആറ് പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല
5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും
10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് നിലവിലുള്ളസംവിധാനം ഉപയോഗിച്ചു കൊണ്ടു തന്നെ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. രാജു നാരായണസ്വാമി**
**കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ(അഗ്രി ബി)വകുപ്പ്(അഗ്രി-ബി1/169/2016-ധന തീയതി 21.02.2017 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
S. K...
**സെക്ഷൻ ഓഫീസർ**

***പകർപ്പ്*** : ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- ക്ക്
പൊതുഭരണ (എസ്.സി)വകുപ്പ്(ഇനം നമ്പർ.767)
അഡീഷണൽ സെക്രട്ടറിയുടെ സി.എ- ക്ക്
ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി.

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ (എം.എസ്) നമ്പർ. 84/17/കൃഷി തീയതി, തിരുവനന്തപുരം, 07/07/2017

---

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) 21/01/2017-ലെ സ.ഉ (എം.എസ്) 34/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
7) 06/02/2017- ലെ സ.ഉ (എം.എസ്) 67/2017/ധന നമ്പർ സർക്കാർ ഉത്തരവ്
8) 03/03/2017-ലെ സ.ഉ (എം.എസ്) 28/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്
9) കൃഷി വകുപ്പ് ഡയറക്ടറുടെ 12/04/2017-ലെ റ്റി.എസ്(1)10032/12 നമ്പർ കത്ത്

<u>ഉത്തരവ്</u>

ചെറുകിട നാമമാത്ര കർഷകർക്കുള്ള കർഷക പെൻഷൻ പദ്ധതി പ്രകാരം കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം (8) ഉത്തരവ് പ്രകാരം പരാമർശം (3) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പരാമർശം 6,7 എന്നിവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (8)- ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (9) പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8)- ലെ ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തിയും താഴെ പറയും പ്രകാരം ഇനം. 13 കൂടി ഉൾപ്പെടുത്തിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഇനം: 4</u> - സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

[illegible]

<u>ഇനം. 10</u>- നിലവിൽ കർഷക പെൻഷനും സാമൂഹ്യ സുരക്ഷ പെൻഷനും ഒരുമിച്ച് വാങ്ങുന്നവർക്ക് 1,000/- രൂപ നിരക്കിൽ കർഷക പെൻഷനും 600/- രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21.01.2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല.

<u>ഇനം.13</u>- 85 വയസ്സിന് മുകളിലുള്ള കർഷകൻ, മാനസികമോ ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല.

4) പരാമർശം (8)- ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടീക്കാ റാം മീണ**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരളം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ (അഗ്രി ബി) വകുപ്പ് (അഗ്രി ബി1/63/17/ധന പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Mayap
സെക്ഷൻ ഓഫീസർ

വകർപ്പ് : ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- ക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.1193)
അഡീഷണൽ സെക്രട്ടറിയുടെ സി.എ- ക്ക്
ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി.

Mayap
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസ പെൻഷൻ 1100/- രൂപയായി വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ. 10/2018/കൃഷി തീയതി, തിരുവനന്തപുരം 17.01.2018

---

പരാമർശം :- 1) 26.09.2016- ലെ ജി.ഒ(എം.എസ്) 133/16/കൃഷി നമ്പർ ഉത്തരവ്.
2) 23/03/2017- ലെ ജി.ഒ (എം.എസ്) 204/2017/ധന നമ്പർ ഉത്തരവ്.
3) 04/08/2017- ലെ ജി.ഒ (എം.എസ്) 359/2017/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 1,000/- രൂപ നിരക്കിൽ 01.06.2016 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. 2017-18- ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ടി തുക 1,100/- രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരാമർശം (2), (3) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും എല്ലാ ക്ഷേമനിധി ബോർഡുകളും നൽകുന്ന പെൻഷനുകളും 01/04/2017 മുതൽ പ്രതിമാസം 1,100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 01.04.2017 പ്രാബല്യത്തിൽ 1,100/- രൂപയായി (ആയിരത്തി ഒരുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. മിനി**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ (എസ്.എഫ്.സി )സെൽ ബി വകുപ്പ്(670660 /എസ്.എഫ്.സി ബി1/17/ധന പ്രകാരം.)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Mayal
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- ക്ക്

Mayal
സെക്ഷൻ ഓഫീസർ